**അഭിമുഖം**

# കൈകൊത്താതെയും ശരീഅത്ത് നടപ്പാക്കിക്കൂടേ?

**അഹ്മദ് റയ്സൂനി**

ഇസ്‌ലാമിക ശരീഅത്തിന്റെ കാലിക വിവക്ഷകളെക്കുറിച്ച് (മഖാസിദുശ്ശരീഅ) പഠനം നടത്തുന്ന മുൻനിര ഗവേഷകരിൽ ഒരാളാണ് മൊറോക്കോ സ്വദേശിയായ അഹ്മദ് റയ്സൂനി. ജിദ്ദയിലെ അന്താരാഷ്ട്ര ഫിഖ്ഹ് കൗൺസിലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അദ്ദേഹം, മൊറോക്കോയിലെ ഹർകത്തുത്തൗഹീദ് വൽ ഇസ്‌ലാഹ് എന്ന സംഘടനയുടെ മുൻ അധ്യക്ഷനുമാണ്. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തുടർന്നുവരുന്ന ചില രീതികളോട് അദ്ദേഹം വിയോജിക്കുന്നു. ഇസ്‌ലാമിസ്റ്റുകളും സെക്യുലരിസ്റ്റുകളും തമ്മിൽ, ഭരണാധികാരികളും ഇടതുപക്ഷക്കാരും തമ്മിൽ ഇങ്ങനെ വിവിധ തലങ്ങളിൽ ഇസ്‌ലാമിക സമൂഹത്തിൽ പതിറ്റാണ്ടുകളായി സംഘർഷങ്ങളും സംഘട്ടനങ്ങളും നടക്കുകയാണെന്നും സമൂഹത്തിന്റെ പുരോഗതിയെ അത് തടസ്സപ്പെടുത്തുകയാണെന്നും അദ്ദേഹം വാദിക്കുന്നു. സംഘർഷമൊഴിവാക്കാനുള്ള ചില രീതികളാണ് അദ്ദേഹം മുന്നോട്ടുവെക്കുന്നത്. *അൽമുജ്തമഅ്* ലേഖകൻ **ഗാസി കശ്മീം** നടത്തിയ അഭിമുഖം



***ഫിഖ്ഹീ പഠനത്തിൽ 'അടുപ്പിക്കുക കൂടുതൽ ശരിയാക്കുക' (തഖ്‌രീബ് വതഗ്‌ലീബ്) എന്നൊരു സിദ്ധാന്തമാണ് താങ്കൾ മുന്നോട്ടുവെക്കുന്നത്. ആ വിഷയത്തിൽ ഒരു പുസ്തകം താങ്കൾ എഴുതി. ഈ സിദ്ധാന്തത്തിന് ഇക്കാലത്തുള്ള പ്രസക്തി എന്താണ്?***

എന്റെ ഡോക്ടറേറ്റ് പ്രബന്ധം ഈ വിഷയത്തിലായിരുന്നു. അത് പുസ്തകമാക്കുകയും നിരവധി എഡിഷനുകൾ പുറത്തിറങ്ങുകയും ചെയ്തിട്ടുണ്ട്. ഖുർആനും നബിചര്യയും പഠിച്ച് നാം നിയമവിധികൾ നിർധാരണം ചെയ്യുമ്പോൾ അടിസ്ഥാന വിഷയങ്ങളിൽ നാം ഉറച്ച തീരുമാനത്തിൽ തന്നെയാവും എത്തിച്ചേരുക. അങ്ങനെ സാധിക്കാത്ത പ്രശ്നങ്ങളും ഉണ്ടാവും. ഉറച്ച തീരുമാനം എടുക്കാൻ കഴിയാത്തപക്ഷം ഉറപ്പുള്ളതിനോട് അടുത്തത് എന്ന് നാം കരുതുന്ന വിധിയാണ് തെരഞ്ഞെടുക്കേണ്ടത്. അതിനും സാധിക്കാത്തപക്ഷം കൂടുതൽ ശരിയുള്ള വിധിയെയാണ് അവലംബമാക്കേണ്ടത്. പ്രയോഗവത്കരിക്കുമ്പോൾ നാം ഉദ്ദേശിക്കുന്ന പൂർണതയോട് അതിന് സാദൃശ്യമുണ്ടാവും. ഇതാണ് ഞാൻ മുന്നോട്ടുവെക്കുന്ന ആശയം.

***സമ്പദ്ഘടനയുമായി ബന്ധപ്പെട്ട് കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളിൽ ഇസ്‌ലാമിക ഫിഖ്ഹിനെ കുറേക്കൂടി വിശാലവും സ്വതന്ത്രവുമാക്കാൻ ഇതിനു കഴിയുമെന്നാണോ?***

ഇത് വലിയൊരു വിഷയമാണ്. മുസ്‌ലിം ധിഷണയെ ചിന്താദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കാൻ ഇതു പര്യാപ്തമാണെന്ന് ഞാൻ കരുതുന്നു. വലിയ നന്മകൾ ഉണ്ടാവുമെന്നറിഞ്ഞിട്ടും ആ വഴിക്ക് ഗവേഷണം നടത്താതെ അതിന്റെ വാതിലുകൾ കൊട്ടിയടക്കുന്ന ചിലരുണ്ട്. ആ വഴിക്കുപോയാൽ നല്ലതല്ലാത്തതൊക്കെ കടന്നുവരുമല്ലോ എന്നാണ് അവരുടെ ന്യായം. അങ്ങനെ സമൂഹത്തിന് വലിയ പ്രയോജനം ലഭിക്കുന്ന

നന്മകളാണ് ഇല്ലാതാവുന്നത്. ഞാൻ പറയുന്നത് ഇതാണ്, നന്മകൾ മാത്രം നൽകുക; തിന്മകളുടെ മുഴുവൻ വഴികളും കൊട്ടിയടക്കുക. ഇവ രണ്ടും അവയുടെ പൂർണരൂപത്തിൽ സംഭവിച്ചുകൊള്ളണമെന്നില്ല. മിക്ക തിന്മകളും തടയാൻ കഴിയും എന്നൊരു വീക്ഷണത്തിലൂടെ മാത്രമേ കാര്യങ്ങളെ കാണാൻ കഴിയൂ. ഇവയിലൊക്കെ മോശമായ ചില പാർശ്വഫലങ്ങൾ കണ്ടേക്കാം.

***അപകടത്തിന്റെ വഴികൾ അടക്കുക (സദ്ദുദ്ദറാഇഅ്), കരുതലോടെ നീങ്ങുക തുടങ്ങി മുൻകാല കർമശാസ്ത്രകാരന്മാർ സ്വീകരിച്ച മുൻകരുതലുകളുമായി ഇടയുന്നില്ലേ താങ്കളുടെ വീക്ഷണം?***

ഞാൻ മുന്നോട്ടുവെക്കുന്ന വീക്ഷണപ്രകാരം, ഓരോന്നും അതിന്റെ യഥാസ്ഥാനത്തുതന്നെ വെച്ചിരിക്കുന്നു. മുൻകരുതലുകൾ വേണ്ടത് പണ്ഡിതന്മാർക്കല്ല. ഓരോ കാര്യവും കൃത്യമായി സാക്ഷാത്കരിക്കലാണ് അവരുടെ ബാധ്യത. ഒരു കാര്യത്തിൽ അത് പ്രയോജനകരമാണോ ദോഷകരമാണോ എന്ന് സാധാരണക്കാർക്ക് സംശയം ഉണ്ടായാൽ അവരാണ് മുൻകരുതലുകൾ സ്വീകരിക്കേണ്ടത്. കാര്യങ്ങൾ വേർതിരിച്ചു മനസ്സിലാക്കാൻ സാധാരണക്കാർക്ക് കഴിയില്ല. ഒരു കാര്യത്തിൽ കുറെയധികം നിലപാടുകൾ ഉണ്ടാവുമ്പോൾ വിശേഷിച്ചു.

***ഫത്‌വ നൽകുമ്പോൾ മുൻകരുതലുകൾ എടുക്കേണ്ടതില്ലെന്നും സാമൂഹിക നന്മകളിൽമാത്രം ശ്രദ്ധകേന്ദ്രീകരിച്ചാൽ മതിയെന്നുമാണോ പറയുന്നത്?***

ഫത്‌വ നൽകാൻ സാധിക്കാതെ വരുമ്പോൾ മാത്രമാണ് മുഫ്തി മുൻകരുതൽ എടുക്കുക. കാരണം അപ്പോൾ മുഫ്തിക്ക് കാര്യങ്ങൾ അവ്യക്തമായിരിക്കും. പ്രവാചകൻ പറഞ്ഞിട്ടുണ്ടല്ലോ: "ഹലാൽ വ്യക്തമാണ്, ഹറാം വ്യക്തമാണ്; അവക്കിടയിൽ പരസ്പര സദൃശമായ കാര്യങ്ങൾ ഉണ്ട്." ഹദീസിൽ പറഞ്ഞ സദൃശ കാര്യങ്ങൾ മനസിലാകാതെ പോകുന്നത് സാധാരണക്കാർക്കാണ്; പണ്ഡിതന്മാർക്കല്ല. അതിനാലാണ് ഹദീസിൽ, ജനങ്ങളിൽ അധികപേരും സദൃശകാര്യങ്ങൾ അറിയുന്നില്ല എന്ന് തുടർന്ന് പറഞ്ഞത്. ജനങ്ങളിൽ ഒരാളും അറിയുന്നില്ല എന്നല്ല പ്രവാചകൻ പറഞ്ഞത്. സദൃശ കാര്യങ്ങളിൽ ഏത് അനുവദനീയം, ഏത് നിഷിദ്ധം എന്ന് വേർതിരിച്ചു കൊടുക്കേണ്ടത് പണ്ഡിതന്മാരുടെ കടമയാണ്.

വ്യക്തമായ ഹലാൽ-ഹറാമുകളെക്കുറിച്ച് ആരും ഫത്‌വ ചോദിക്കില്ല. കുഴഞ്ഞുമറിഞ്ഞ സദൃശ കാര്യങ്ങളെക്കുറിച്ചേ അവർ ചോദിക്കൂ. പണ്ഡിതന്മാർക്ക് അവ മനസിലാക്കാനാവും. ഇനി മനസ്സിലാക്കാനാവില്ലെങ്കിൽ, മൗനം പാലിച്ച് മുൻകരുതൽ എടുക്കലാണ് നല്ലത്. മതവിധി ചോദിച്ച് വരുന്നവരെ മറ്റു പണ്ഡിതന്മാരുടെ അടുത്തേക്ക് പറഞ്ഞുവിടുകയും വേണം. അല്ലെങ്കിൽ, പണ്ഡിതന്മാർ ദീർഘദർശനം ചെയ്തപോലെ, ദീൻ എന്നത് മുൻകരുതലുകളുടെ ഒരു സമാഹാരമായി മാറും.

***ദുരുപയോഗം ഭയന്ന് അപകടം എന്ന് കരുതുന്ന വഴികൾ അടക്കുകയല്ല (സദ്ദുദ്ദറാഇഅ്), തുറക്കുകയാണ് (ഫത്ഹുദ്ദറാഇഅ്) വേണ്ടതെന്ന് അടുത്ത കാലത്തായി ചില ഗവേഷകർ പറയുന്നുണ്ടല്ലോ? താങ്കളുടെ അഭിപ്രായം?***

വഴികൾ തുറന്നിടൂ എന്ന് പറയാൻ പുതിയ ഗവേഷകർ വരേണ്ട കാര്യമൊന്നുമില്ല. ആ ചിന്ത മുമ്പേ ഇസ്‌ലാമിക പാരമ്പര്യത്തിൽ ഉള്ളതാണ്. ഇമാം ഖർറാഫിയും അദ്ദേഹത്തിന്റെ ഗുരു ഇസ്സുബ്നു അബ്ദിസ്സലാമും ഈ വിഷയത്തിൽ മൗലിക ചിന്തയുള്ളവരായിരുന്നു. അവർ പറഞ്ഞത്, "വഴികൾ അടക്കും പോലെ തുറക്കലും നിർബന്ധമാണ്" എന്നായിരുന്നു. 'വഴിയടക്കലിന്റെ പേരിൽ ഹറാമായത് ആവശ്യം വന്നാൽ ഹലാലാകും' എന്നാണ് ഇബ്നുൽ ഖയ്യിം പറഞ്ഞത്. ഇതാണ് വഴി തുറക്കൽ കൊണ്ട് ഉദ്ദേശിച്ചത്. ഫിഖ്ഹിൽ ഇത് ഏറെ സുപരിചിതവുമാണ്. അതായത് അടച്ചുപിടിച്ച കാര്യങ്ങൾ പലപ്പോഴും അനുവദനീയമായവ തന്നെയായിരുന്നു. തൽക്കാലത്തേക്ക് തടഞ്ഞുവെച്ചതാണെന്ന് മാത്രം. അപ്പോൾ, സാന്ദർഭികമോ താൽക്കാലികമോ ആയ കാരണങ്ങളാൽ അടച്ചു വെക്കപ്പെട്ട വഴി ആവശ്യംവരുമ്പോൾ തുറക്കാമെന്ന് വരുന്നു.

***എന്നിട്ടും വഴികൾ തുറക്കുന്നതിനെപ്പറ്റിയല്ല, അടക്കുന്നതിനെപ്പറ്റിയാണല്ലോ ഫിഖ്ഹിൽ ചർച്ച?***

ശരിയാണത്. കാരണം, കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിൽ പൊതുവെ ഇക്കാര്യത്തിലൊക്കെ ഒരുതരം തീവ്രവാദവും നേരത്തെ വിശദീകരിച്ച കരുതൽ മനഃസ്ഥിതിയുമാണ് നിലവിലുണ്ടായിരുന്നത്. അതിന്റെ അടയാളങ്ങൾ ഇപ്പോഴുമുണ്ട്. പണ്ഡിതന്മാർ തമ്മിൽ ഇക്കാര്യത്തിൽ ചില ഏറ്റവ്യത്യാസങ്ങളൊക്കെ ഉണ്ടെങ്കിലും പൊതുവെ അവർക്ക് ഇഷ്ടം, വഴികളൊക്കെ അടച്ചിടുന്നത് തന്നെയാണ്. തുറന്നിടാൻ അവർക്ക് താൽപര്യമില്ല. അതാണല്ലോ എളുപ്പം. ഇതൊക്കെ ദീനിന്റെ രക്ഷക്കാണെന്ന് അവർ വിശ്വസിക്കുകയും ചെയ്യും.

എന്നാൽ ഇത്തരം തീവ്രനിലപാടുകളിലല്ല ദീനിന്റെ രക്ഷ. ഏതൊരു കാര്യത്തിലും നീതിയും ന്യായവും സന്തുലിതത്വവും ഉറപ്പുവരുത്തുകയാണ് ദീനിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്താനുള്ള വഴി. ഇസ്‌ലാമിക ശരീഅത്ത് എന്താണ് ലക്ഷ്യമിടുന്നത് എന്ന കാര്യവും ശ്രദ്ധിക്കണം. ചിലപ്പോൾ ഇളവ് കൊടുക്കാനാവും ശരീഅത്ത് ഉദ്ദേശിക്കുക. അതായത്, ഇളവ് കൊടുത്തുകൊണ്ടാവും ദീനിനെ സംരക്ഷിക്കാൻ കഴിയുക. കാരണം, തീവ്രത കൊണ്ടാണ് ധാരാളമാളുകൾ ദീനിൽനിന്ന് അകന്നുപോകുന്നത്. ഈ മനുഷ്യരെ തീവ്രത കൊണ്ട് ആട്ടിയകറ്റുന്നതിനു പകരം ഇളവുകൾ ചെയ്തും എളുപ്പമാക്കിയും അവരെ ദീനിൽ തന്നെ നിർത്തുന്നതല്ലേ എന്തുകൊണ്ടും അഭികാമ്യം?

## ഇസ്‌ലാമിസ്റ്റുകളും ഭരണകൂടങ്ങളും

***ഇസ്‌ലാമിസ്റ്റുകളും ഭരണകൂടങ്ങളും തമ്മിലുള്ള സംഘട്ടനങ്ങൾ മുന്നോട്ടുള്ള പ്രയാണത്തിൽ വലിയ തടസ്സമല്ലേ? ഭരണധികാരികൾ തങ്ങളുടെ സിംഹാസനങ്ങളിൽനിന്നും ഇസ്‌ലാമിസ്റ്റുകൾ തങ്ങളുടെ നിലപാടുകളിൽനിന്നും ഇറങ്ങാൻ തയാറല്ലല്ലോ.***

ഭരണാധികാരി അധികാര കസേര വിട്ടൊഴിയണമെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ, ഒരു ഉപാധി. അയാൾ തന്റെ ഏകാധിപത്യം ഉപേക്ഷിക്കണം. ഓരോ ഭരണാധികാരിയും ഏകാധിപത്യം പകുതി കുറച്ചാൽ തന്നെ വലിയ മാറ്റമുണ്ടാവും. കാരണം, ഇസ്‌ലാമിക സമൂഹങ്ങളുടെ ആവശ്യങ്ങൾ അത്രയൊന്നും വലുതല്ലെന്നും നിർണിതവും പരിമിതവുമാണെന്നും നമുക്ക് കാണാനാവും.

***എന്നാൽ അധികാരം ലക്ഷ്യമാക്കിയല്ലേ മിക്ക ഇസ്‌ലാമിക പ്രസ്ഥാനങ്ങളും നീങ്ങുന്നത്.***

അത് മറ്റൊരു വിഷയമാണ്. കുറഞ്ഞ തോതിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചാൽതന്നെ ഇസ്‌ലാമിസ്റ്റുകൾ പരസ്പരധാരണയുടെ പാതയിലേക്ക് കടന്നുവരും എന്നാണ് ഞാൻ കരുതുന്നത്.

***സ്വാതന്ത്ര്യം കൊടുത്താൽ അവർ തെരഞ്ഞെടുപ്പിൽ വിജ***

***യിക്കും. പിന്നെ അധികാരത്തിന് വേണ്ടി മത്സരമാകും. ഇത് അധികാരികൾ ഇഷ്ടപ്പെടുകയുമില്ല?***

ശരിയാണത്. എന്നിരുന്നാലും ക്രമപ്രവൃദ്ധമായ പരിഹാര നടപടികളാണ് മിക്ക സന്ദർഭങ്ങളിലും ഇസ്‌ലാമിസ്റ്റുകൾ സ്വീകരിക്കുന്നത്. പരസ്പര സഹകരണത്തിന്റെയും അനുരഞ്ജനത്തിന്റെയും മാർഗം അവർ നിരസിക്കുന്നില്ല താനും.

**ഒ.ഐ.സിയോ അറബ് ലീഗോ ഗൾഫ് സഹകരണ കൗൺസിലോ ഒക്കെ മാതൃക കാണിച്ച് ഇരുപതോ മുപ്പതോ വർഷങ്ങൾക്ക് ശേഷമെങ്കിലും ഒരു ആഗോള ഇസ്‌ലാമിക പൊതുവേദി ഉണ്ടാവണം. ആ വേദിക്ക് രാഷ്ട്ര സാരഥികളെ കോർത്തിണക്കികൊണ്ടു പോകുന്ന ഒരു സെക്രട്ടറിയും ഏകീകൃത ഭരണ സംവിധാനങ്ങളും പൊതു കറൻസിയും ഒക്കെ ഉണ്ടാവണം.**

***ഇവയൊക്കെ നിലവിലെ നയസമീപനങ്ങളാണ്. വിദൂരഭാവിയിൽ മറ്റെന്തൊക്കെയോ ലക്ഷ്യങ്ങളുണ്ടല്ലോ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക്?***

വിദൂരഭാവിയെക്കുറിച്ച് ആർക്ക് എന്ത് പറയാനാവും. നാം തീവണ്ടിയെ അതിന്റെ പാളങ്ങളിൽ പ്രതിഷ്ഠിക്കുന്നു. അടുത്ത നൂറ്റാണ്ടിൽ ആരാണതിനെ ഓടിക്കുക? ഇത് മറ്റൊരു വിഷയമാണ്. ഇപ്പോഴത്തെ കാര്യങ്ങളാണ് നാം തീരുമാനിക്കുന്നത്. നാം നമ്മുടെ കാലത്തെ മുൻനിർത്തി പ്രശ്നങ്ങൾക്ക് പ്രതിവിധികൾ കണ്ടെത്തിയാൽ മതിയാവും. ഭാവിയെ അതിൽ ജീവിക്കുന്നവർക്ക് വിട്ടുകൊടുക്കുക. കാര്യങ്ങൾ അവർ നേരെയാക്കിക്കൊള്ളും.

പരസ്പര യോജിപ്പിന്റെ, ക്രിയാത്മക പ്രവർത്തനത്തിന്റെ ഒരുപാട് ഇടങ്ങൾ ഇപ്പോഴും നമുക്ക് മുമ്പിൽ തുറന്നു കിടക്കുന്നുണ്ട്. എന്നാൽ, അതിനെയൊക്കെ നിഷ്പ്രഭമാക്കുന്ന സംഘട്ടനങ്ങളാണ് നാം ദിനേന കാണുന്നത്. ഇസ്‌ലാമിസ്റ്റുകളും മതേതരവാദികളും തമ്മിൽ, ഇസ്‌ലാമിസ്റ്റുകളും ഭരണാധികാരികളും തമ്മിൽ, ഇടത് പക്ഷക്കാരും ദേശീയവാദികളും തമ്മിൽ.... ഇങ്ങനെ സംഘട്ടനങ്ങളുടെ ഒരു പ്രളയം തന്നെ. ഈ സംഘട്ടനങ്ങളെ ശക്തിപ്പെടുത്താനുതകുംവിധം അകത്തുനിന്നും പുറത്തുനിന്നും പ്രോത്സാഹനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. മുസ്‌ലിം സമൂഹത്തിന്റെ ശക്തിയും പ്രവർത്തനവീര്യവുമാണ് അത് ക്ഷയിപ്പിക്കുന്നത്. ഗുണം ലഭിക്കുന്നത് ശത്രുക്കൾക്കും. നാം സംഘട്ടനങ്ങൾ അവസാനിപ്പിക്കുകയും കൂട്ടായ യത്നങ്ങൾക്ക് പൊതുവഴികൾ തുറക്കുകയും ചെയ്തില്ലെങ്കിൽ ഈ അവസ്ഥ ഇതേപോലെ തുടരും. പണ്ഡിതനോടും പ്രബോധകനോടും രാഷ്ട്രീയക്കാരനോടും എനിക്ക് പറയാനുള്ളത് ഇതാണ്: നാം കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ഇടങ്ങൾ കണ്ടെത്തണം പ്രശ്നങ്ങൾ പകുതിയേ പരിഹരിക്കാൻ കഴിഞ്ഞുള്ളൂവെങ്കിൽ, അത് നമ്മുടെ ഇന്നത്തെ അവസ്ഥയെക്കാളും മെച്ചമായിരിക്കും. നാലിലൊന്ന് മാത്രമാണ് പരിഹരിക്കാൻ കഴിഞ്ഞതെങ്കിൽ അതും മെച്ചം തന്നെ.

## ഇസ്‌ലാമിക രാഷ്ട്രം

***ശരീഅത്തിലെ മിക്ക നിയമങ്ങളും പ്രാവർത്തികമാക്കാൻ രാഷ്ട്രത്തിന്റെ ആവശ്യമില്ലെന്ന് താങ്കൾ വാദിക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പ്രതീക്ഷകളെ തകിടം മറിക്കുന്നതല്ലേ ഈ വീക്ഷണം?***

ഒരിക്കലും അല്ല. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മുമ്പിൽ പുതിയ ചക്രവാളങ്ങൾ തുറന്നുവെക്കുകയാണ് ഞാൻ ചെയ്യുന്നത്. ഇസ്‌ലാമിസ്റ്റുകൾ ഭരണാധികാരികളോ മന്ത്രിമാരോ ഒന്നും ആയില്ലെങ്കിലും ശരീഅത്ത് നടപ്പാക്കാനുള്ള രീതികളാണ് ഞാൻ മുന്നോട്ടു വെച്ചത്.

***രാഷ്ട്രം ഇസ്‌ലാമിൽ സ്ഥിരപ്പെട്ട ഒന്നല്ല എന്നാണോ പറഞ്ഞുവരുന്നത്?***

ഭരണം, അത് രാഷ്ട്രീയപരമാണെങ്കിലും നീതിന്യായപരമാണെങ്കിലും ഇസ്‌ലാമിക ദർശനത്തിൽനിന്നു തന്നെ വികാസം കൊള്ളേണ്ട ഒന്നാണ്.

***ഇസ്‌ലാമിസ്റ്റുകൾ അധികാരം അനിവാര്യമായും കൈയേൽക്കേണ്ടതില്ല എന്നാണോ ഉദ്ദേശിക്കുന്നത്?***

ഇസ്‌ലാമിക ശരീഅത്തിന്റെ പത്തിൽ ഒമ്പത് നിയമങ്ങൾ അധികാരമില്ലാതെതന്നെ നടപ്പാക്കാനാവുമെന്നാണ് എന്റെ അഭിപ്രായം. ഇസ്‌ലാമിനോട് ശത്രുത പുലർത്താത്ത, ഇസ്‌ലാമികമല്ലാത്ത ഒരു നിഷ്പക്ഷ രാഷ്ട്രത്തിൽ ഇത് സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്.

***രാഷ്ട്രത്തിന്റെ സ്വഭാവവിശേഷങ്ങൾ കണക്കിലെടുത്ത് മാത്രം നടപ്പാക്കേണ്ട നിയമങ്ങളുണ്ടല്ലോ, സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിലും മറ്റും?***

ഇസ്‌ലാമിക് ബാങ്കുകൾ സ്ഥാപിച്ചുകൊണ്ട് മുസ്‌ലിംകളുടെ മൂലധനം ആകർഷിക്കാൻ യൂറോപ്യർ നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് ഈയിടെ ഞാൻ വായിച്ചു. ഈ യൂറോപ്യൻ രാഷ്ട്രങ്ങൾക്ക് ഇസ്‌ലാമിക സ്വഭാവ വിശേഷങ്ങളുണ്ടോ? ഇസ്‌ലാമിക് ബാങ്കിംഗിന്റെ വിജയമാണ് അവരെ ആകർഷിക്കുന്നത്. എന്നാൽ ഇതിനൊന്നും കഴിയാത്ത 'ഇസ്‌ലാമിക' രാഷ്ട്രങ്ങളും ഉണ്ടെന്ന് ഓർക്കണം.

***സ്വതന്ത്രമായ സാഹചര്യം സംജാതമായാൽ ഇസ്‌ലാം കടിഞ്ഞാൺ ഏൽക്കുമെന്നാണോ പറയുന്നത്?***

സത്യത്തിൽ എന്താണ് ഭരണം? ജനങ്ങൾക്ക് ഇസ്‌ലാമിനോടുള്ള പ്രതിബദ്ധതയാണ് ഞാനതുകൊണ്ട് ഉദ്ദേശിച്ചത്. ശരീഅത്തിന്റെ പത്തിൽ ഒമ്പത് നിയമങ്ങളും ഭരണമില്ലാതെ നടപ്പാക്കാമെന്ന് പറഞ്ഞല്ലോ. അവശേഷിക്കുന്നതാവട്ടെ പത്തിൽ ഒന്ന്, അതായത് നീതിന്യായം, ശിക്ഷാനടപടി, ക്രമസമാധാനം പോലുള്ളവ പ്രയോഗവത്കരിക്കാൻ ഭരണമില്ലെങ്കിൽ സാധിക്കുകയില്ല. ഭരണകൂടം കളവിനെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുമ്പോഴേ മോഷണക്കുറ്റങ്ങൾ കുറഞ്ഞ് വരികയുള്ളൂ. അതേസമയം ഭരണമില്ലെങ്കിലും ബോധവൽക്കരണത്തിലൂടെ നമുക്ക് മോഷണക്കുറ്റങ്ങൾ കുറച്ച് കൊണ്ടുവരാൻ കഴിയും. കൈകൊത്തിയില്ലെങ്കിലും ഈ തിന്മയെ തടയാനാവുമെന്ന് സാരം.

***രാഷ്ട്രത്തെക്കുറിച്ച് പ്രവാചകൻ ഒരു രൂപരേഖ സമർപ്പിച്ചിട്ടുണ്ടല്ലോ. അത് നാം എവിടെവെക്കും?***

ഇസ്‌ലാമിക രാഷ്ട്രത്തെയോ അതിന്റെ നേട്ടത്തെയോ അനിവാര്യതയെയോ നിഷേധിക്കുകയല്ല ഞാൻ. ചില നിർണായക സാഹചര്യങ്ങൾ മുൻനിർത്തിയാണ് ഞാൻ സംസാരിക്കുന്നത്. നിങ്ങൾ പ്രവാചകന്റെ ഭരണകൂടത്തെ നോക്കൂ. മുഴുവൻ കാര്യങ്ങളും അത് ഏറ്റെടുത്ത് നടത്തുകയല്ല ചെയ്തത്. രാഷ്ട്രം എല്ലാം ഏറ്റെടുത്തിരുന്നുവെങ്കിൽ മുസ്‌ലിം സമൂഹ

**പരസ്പര യോജിപ്പിന്റെ, ക്രിയാത്മക പ്രവർത്തനത്തിന്റെ ഒരുപാട് ഇടങ്ങൾ ഇപ്പോഴും നമുക്ക് മുമ്പിൽ തുറന്നു കിടക്കുന്നുണ്ട്. എന്നാൽ, അതിനെയൊക്കെ നിഷ്പ്രഭമാക്കുന്ന സംഘട്ടനങ്ങളാണ് നാം ദിനേന കാണുന്നത്. ഇസ്‌ലാമിസ്റ്റുകളും മതേതരവാദികളും തമ്മിൽ, ഇസ്‌ലാമിസ്റ്റുകളും ഭരണാധികാരികളും തമ്മിൽ, ഇടത് പക്ഷക്കാരും ദേശീയവാദികളും തമ്മിൽ.... ഇങ്ങനെ സംഘട്ടനങ്ങളുടെ ഒരു പ്രളയം തന്നെ.**

ത്തിന്റെ ക്രയശേഷിയെയും സംരംഭകത്വത്തെയും സ്വാതന്ത്ര്യബോധത്തെയും അത് കെടുത്തിക്കളയുമായിരുന്നു. സാമ്പത്തികം, വിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും സമൂഹം ജീവനോടെ ഇരിക്കുക എന്നതാണ് പ്രധാനം.

***ഇസ്‌ലാമികരാഷ്ട്രമില്ലാതെ, ഖിലാഫത്ത് നിലവിൽ വരുമോ?***

'ഇസ്‌ലാമിക രാഷ്ട്രം', 'ഇസ്‌ലാമിക ഖിലാഫത്ത്' തുടങ്ങിയവയൊക്കെ കേവല നാമങ്ങളാണ്. കേവല നാമങ്ങളിലും രൂപങ്ങളിലും ചിന്തകൾ ഉടക്കിയിടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇസ്‌ലാമിക ചരിത്രത്തിൽ ചില രാഷ്ട്രങ്ങൾക്ക് പേരിൽ മാത്രമേ ഖിലാഫത്തുമായി ബന്ധമുണ്ടായിരുന്നുള്ളൂ എന്ന് നമുക്കറിയാം.

***എങ്കിൽ മുസ്‌ലിംകളെ പരസ്പരം ഇണക്കിച്ചേർക്കുന്ന കണ്ണി ഏത്?***

മറ്റുള്ളവർക്ക് നല്ല നല്ല മാതൃകകൾ സമർപ്പിക്കാൻ നാം നിർബന്ധിതരാണ്. യൂറോപ്യൻ യൂനിയനെ നോക്കൂ. നല്ലൊരു മാതൃകയാണത്. ഒ.ഐ.സിയോ അറബ് ലീഗോ ഗൾഫ് സഹകരണ കൗൺസിലോ ഒക്കെ മാതൃക കാണിച്ച് ഇരുപതോ മുപ്പതോ വർഷങ്ങൾക്ക് ശേഷമെങ്കിലും ഒരു ആഗോള ഇസ്‌ലാമിക പൊതുവേദി ഉണ്ടാവണം. ആ വേദിക്ക് രാഷ്ട്ര സാരഥികളെ കോർത്തിണക്കികൊണ്ടു പോകുന്ന ഒരു സെക്രട്ടറിയും ഏകീകൃത ഭരണ സംവിധാനങ്ങളും പൊതു കറൻസിയും ഒക്കെ ഉണ്ടാവണം. ■